(സി) വിദ്യാർത്ഥിനികൾ ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകിയ പരാതി വ്യാജമാണോ എന്ന് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന അടിയന്തരപ്രമേയമാണ് വിദ്യാർത്ഥി പ്രതിനിധി അവതരിപ്പിച്ച് പാസ്സാക്കിയത്. 25-1-2016-ന് ചേർന്ന സിൻഡിക്കേറ്റ് ഈ പ്രമേയത്തിന്മേൽ നടപടികൾ സ്വീകരിക്കാതിരിക്കുവാനും ഇത് അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു.

(ഡി&ഇ) കോഴിക്കോട്, എം.ജി തുടങ്ങിയ ചില സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പരാതികളിന്മേൽ കർശനമായ അച്ചടക്ക നടപടികൾ അതാത് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി മിക്ക സർവ്വകലാശാലകളിലും ആന്റി റാഗിംഗ് കമ്മിറ്റി/ആന്റി റാഗിംഗ് സ്ക്വാഡ്/ജെന്റർ ജസ്റ്റിസ് കമ്മിറ്റി/വനിത പരാതി പരിഹാര സെൽ തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ കുസാറ്റ്, ശ്രീശങ്കരാചാര്യ തുടങ്ങിയ സർവ്വകലാശാലകളിൽ വനിത സെക്യൂരിറ്റി ഗാർഡുകളുൾപ്പെടെ നല്ലൊരു സെക്യൂരിറ്റി സംവിധാനം കാമ്പസ്സിനകത്ത് പ്രവർത്തിക്കുന്നുണ്ട്.

കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കുന്നത്

15 (1061) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക, അതുവഴി തൊഴിൽ രഹിതരായ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

GPM. 2/239/2020-12

LIBRARY ARCHIVES Kerala Legislative Assembly

(സി) യു.ജി.സി.-യുടെയും AICTE-യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ, പെരിന്തൽമണ്ണ, കോട്ടയം, തൃശ്ശൂർ, ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ് പട്ടാമ്പി എന്നീ ഗവൺമെന്റ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആറ്റിങ്ങൾ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകളിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നു. എന്നാൽ സർക്കാർ പോളിടെക്നിക്കിലെ ഉപയോഗിക്കാത്ത അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പാഠ്യക്രമവും പാഠ്യ പദ്ധതിയും രൂപീകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചു. 2014 ജൂലായ് മുതൽ ക്ലാസ്സുകൾ ആരംഭിച്ചു. പദ്ധതിക്ക് കേന്ദ്രസർക്കാർ നേരിട്ട് ഫണ്ട് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകിവരുന്നു. ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുകയൊന്നും ചെലവായിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി 19-9-2015 മുതൽ 1-11-2015 വരെ ഫ്ളോറിഡ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും സാന്റാഫി കോളേജും സംയുക്തമായി സംഘടിപ്പിച്ച കമ്മ്യൂണിറ്റി കോളേജ് അഡ്മിനിസ്ട്രേഴ്സ് പ്രോഗ്രാം വിത്ത് ഇന്ത്യ എന്ന പരിപാടിക്ക് കേരളത്തിൽനിന്നും രണ്ട് ഉദ്യോഗസ്ഥരെ ടെയിനിംഗിനായി നിയോഗിച്ചിരുന്നു. ഗവൺമെന്റ് കോളേജുകളിൽ സ്റ്റേറ്റ് നോഡൽ ഓഫീസറായി ശ്രീ. സി. രാജശേഖരൻ പിള്ളയെ നിയമിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

16 (1062) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക എത്ര വീതമാണെന്നും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly